STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.636/PR/SPMC/PHQ/2020 Date :02.12.2020

## ചുഴലിക്കാറ്റ്: ഏതുസാഹചര്യവും നേരിടാൻ പോലീസ് സേന സുസജ്ജം

തെക്കൻ ജില്ലകളിൽ അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ കനത്ത കാറ്റും മഴയും ഉണ്ടാകുമെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്കും ജാഗ്രതാ നിർദ്ദേശം നൽകി. ഏതു അടിയന്തിര സാഹചര്യവും നേരിടാൻ പോലീസ് സേന സുസജ്ജമാണെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു.

എല്ലാ പോലീസ് സ്റ്റേഷനുകളിലേയും പോലീസ് ഉദ്യോഗസ്ഥരും ഓഫീസർമാരും ഏതു സമയവും തയ്യാറായിരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാർ പ്രത്യേകം കൺട്രോൾ റൂം തുറക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിക്കാനും അടിയന്തിര സാഹചര്യങ്ങളിൽ ആവശ്യത്തിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം. ഇതിനായി കോസ്റ്റൽ വാർഡൻമാരുടെ സേവനം വിനിയോഗിക്കാം. വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ പ്രത്യേകം ശ്രദ്ധചെലുത്തണം.

ജില്ലകളിൽ നിയോഗിച്ചിട്ടുള്ള ബറ്റാലിയൻ ഉദ്യോഗസ്ഥർ ഏതു സാഹചര്യവും നേരിടാൻ തയ്യാറായിരിക്കണം. ആൾക്കാരെ ഒഴിപ്പിക്കുന്നതിനും മറ്റു ദുരിതാശ്വാസ നടപടികൾക്കുമായി പോലീസ് വാഹനം ഉപയോഗിക്കാം. റവന്യൂ, ദുരിന്തനിവാരണ അതോറിറ്റി എന്നിവയുടെ സഹകരണത്തോടെ ആവശ്യമെങ്കചന്റ തീരപ്രദേശത്തുനിന്നും ജനങ്ങളെ ഒഴിപ്പിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

*************************